**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1021 — 12.07.2016- ൽ മറുപടിയ്ക്ക്

# റബ്ബർ കർഷകരുടെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കമാർ (കൃഷി വകുപ്പ് മന്ത്രി) |

(എ) റബ്ബർ കർഷകരെ വിലയിടിവിൽ നിന്ന് സംരക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ റബ്ബർ സംഭരണം ഇപ്പോഴും തുടരുന്നുണ്ടോ;

(എ) റബ്ബർ കർഷകരെ വിലയിടിവിൽ നിന്ന് സംരക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ റബ്ബർ സംഭരണം ഇപ്പോൾ തുടരുന്നില്ല. എന്നാൽ ഈ സർക്കാർ ചെറുകിട കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുവാനായി വില സ്ഥിരതാ ഫണ്ടിലേയ്ക്ക് 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഗ്രേഡ് 4 റബ്ബറും ലാറ്റക്സും കിലോയ്ക്ക് എത്രക രൂപയ്ക്കാണ് ഇപ്പോൾ സംഭരിക്കുന്നത്; ഈ തുക എന്നു മുതലാണ് നൽകാൻ തുടങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസമാണ് റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നത്. കിലോയ്ക്ക് 150 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങ് വിലയായി കണക്കാക്കുന്നത്. ഇതിനു വേണ്ടി 500 കോടി രൂപ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഇതുവരെ എത്ര ടൺ റബ്ബർ ഇത്തരത്തിൽ സംഭരിച്ചു എന്നും ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചു എന്നും വെളിപ്പെടുത്താമോ;

(സി)

| ഇനം | അനുവദിച്ച സഹായ ധനം (രൂപ കോടി) | റബ്ബർ ഉണക്കളുക്കം (ലക്ഷം മെട്രിക് ടൺ) |
|---|---|---|
| ഷീറ്റ് | 72.17 | 2.10 |
| ലാറ്റക്സ് | 704.07 | 0.27 |
| മൊത്തം | 776.24 | 2.37 |

(ഡി) സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില ഉയർത്താൻ നീക്കമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(ഡി) റബ്ബറിന്റെ വില തകർച്ചയിൽ നിന്നും കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുന്നതാണ്.

Sreelatha (signature)

**സെക്ഷൻ ഓഫീസർ**